Lalith Babu

**കോടതിയുടെ ഉത്തരവ് പ്രകാരമല്ലാതെ തുറന്നു പരിശോധിക്കാൻ പാടില്ലാത്ത തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രേഖകൾ വിവരാവകാശ നിയമപ്രകാരം ആവശ്യപെട്ടാൽ ലഭിക്കുകയില്ല.**

03.11.2010-ലെ വിവരാവകാശ അപേക്ഷക്ക് 09.11.2010-ൽ തന്നെ മറുപടി നൽകിയിട്ടുണ്ട് എന്നും, പ്രസ്തുത വിവരാവകാശ പ്രകാരമുള്ള അപേക്ഷക്ക് പരാതിക്കാരൻ ആവശ്യപ്പെടുന്നതുപോലെ വിവരം നൽകാൻ ബുദ്ധിമുട്ടാണ് എന്നും, കോടതിയുടെ പ്രത്യേക ഉത്തരവില്ലാതെ അത്തരം വിവരം നൽകാൻ സാധിക്കുകയില്ല എന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മൊഴി നൽകി. 1995-ലെ കേരള പഞ്ചായത്തീരാജ് (തെരെഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലേയും, 1995ലെ കേരള മുനിസിപ്പാലിറ്റി (തെരെഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങളിലേയും 55(2) പ്രകാരം തെരെഞ്ഞെടുപ്പ് സംബന്ധിച്ച എല്ലാ രേഖകളും സുരക്ഷിതമായ സൂക്ഷിപ്പിൽ വയ്ക്കുവാനും, ക്ഷമതയുള്ള ഒരു കോടതി ഉത്തരവിൻ പ്രകാരമല്ലാതെ അത്തരം പായ്ക്കറ്റുകൾ തുറക്കുവാനോ ഉള്ളടക്കം പരിശോധിക്കുവാനോ ഏതെങ്കിലും വ്യക്തിയുടെയോ, അധികാരസ്ഥാനത്തിന്റെയോ മുൻപാകെ ഹാജരാക്കുവാനോ പാടില്ലയെന്ന് നിയമം നിഷ്കർഷിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കൈവശത്തിലുള്ളതല്ലാത്തതിനാലും, പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ഏതെങ്കിലും തരത്തിൽ ലഭ്യമാക്കുവാൻ സാധിക്കാത്തതിനാലും ടിയാൻ ആവശ്യപ്പെട്ട വിവരം നൽകുവാൻ കഴിയുകയില്ലയെന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ സത്യവാങ്മൂലത്തിൽ പറയുന്നു.

ഈ കേസിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മൊഴിയും, സത്യവാങ്മൂലവും പരിശോധിച്ച കമ്മീഷൻ, പരാതിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം വെളിപ്പെടുത്താൻ കഴിയാത്ത വിവരമാണെന്ന് കമ്മീഷൻ കാണുന്നു. ഒരു പൗരൻ വോട്ടവകാശം വിനിയോഗിക്കുന്നത് രഹസ്യമായാണ്. പരാതിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നൽകുകയാണെങ്കിൽ അതുപയോഗിച്ച് ഒരാൾ ഏതു സ്ഥാനാർത്ഥിക്കാണ് വോട്ടു ചെയ്തിരിക്കുന്നത് എന്ന വിവരം സ്വായത്തമാക്കാൻ സാധിക്കുമെന്നും അത് പ്രസ്തുത വോട്ടറുടെ സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റമായിരിക്കുമെന്നും കമ്മീഷൻ കാണുന്നു. അതുകൊണ്ട് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനത്തോട് കമ്മീഷൻ യോജിക്കുന്നു. കൂടാതെ വിവരം നൽകുന്ന സമയത്ത് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ അവരുടെ പേരും, ഒപ്പും, ഓഫീസ് സീലും പതിച്ചു വിവരം നൽകേണ്ടതാണ്. അതുപോലെ ആലപ്പുഴ ജില്ലാ കളക്ടറേറ്റ് ഓഫീസിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടേയും, അപ്പീൽ അധികാരിയുടേയും ബോർഡ് സ്ഥാപിച്ചിട്ടില്ല എങ്കിൽ അതും ഉടൻ തന്നെ സ്ഥാപിക്കണമെന്നും കമ്മീഷൻ ഉത്തരവാകുന്നു.

ഈ ഉത്തരവിന്റെ ഒരു പകർപ്പ് അലപ്പുഴ കളക്ടർക്കും അയച്ചു കൊടുക്കേണ്ടതാണ്.

ഈ കേസ് ഇപ്രകാരം തീർപ്പാകുന്നു.

ഇന്നേ ദിവസം 2011 ഫെബ്രുവരി മാസം 24-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.